**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി - 2016-17 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ ഫണ്ട് അനുവദിച്ചത് - ചെലവഴിക്കാത്ത തുക ശിശു വികസന പദ്ധതി ഓഫീസർമാരുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.200/2017/സാനീവ തീയതി, തിരുവനന്തപുരം 30.03.2017**

---

പരാമർശം: സാമൂഹ്യനീതി ഡയറക്ടറുടെ 24.03.2017 ലെ ICDS-A1/2929/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2016-17 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ അങ്കണവാടികൾക്ക് കണ്ടിജൻസി, പ്രീസ്കൂൾ എഡ്യുക്കേഷൻ കിറ്റ്, മെഡിസിൻ കിറ്റ് എന്നിവയ്ക്കായി ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഫണ്ട് അനുവദിച്ചതിൽ പലയിടങ്ങളിലും സാധന സാമഗ്രികൾ വിതരണം നടത്തേണ്ട ഏജൻസി വിതരണം പൂർത്തിയാകാത്തതിനാൽ 31.03.2017 തീയതിയ്ക്കകം തുക കൈമാറാൻ സാധിക്കാത്ത സാഹചര്യമാണെന്ന് പരാമർശ കത്ത് പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ ഫണ്ട് അനുവദിച്ചതിൽ 31.03.2017 തീയതിയ്ക്കകം ചെലവഴിയ്ക്കാതെ വരുന്ന തുക ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-17 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ ഫണ്ട് അനുവദിച്ചതിൽ (കണ്ടിജൻസി, പ്രീസ്കൂൾ എഡ്യുക്കേഷൻ കിറ്റ്, മെഡിസിൻ കിറ്റ് എന്നിവയ്ക്കായി)

PDF processed with CutePDF evaluation edition www.CutePDF.com

ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**മിനി ആന്റണി. ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (vide WW2/108/2017-FIN, e-438400)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ